പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :637 29.11. 2018 ൽ മറുപടിക്ക്

## ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിൽ കസ്റ്റമർകെയർ സെന്റർ

ചോദ്യം

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) കോട്ടക്കൽ നിയോജകമണ്ഡലത്തിലെ ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിൽ വൈദ്യുതി ഉപഭോക്താക്കൾക്ക വേണ്ടി കസ്റ്റമർകെയർ സെന്റർ ആരംഭിക്കണമെന്ന ആവശ്യത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;<br><br>(ബി) ഇത് സംബന്ധിച്ച് സെക്രട്ടേറിയറ്റിലും വൈദ്യുതിഭവനിലുമുള്ള ഫയലുകളിലെ മുഴുവൻ വിവരവും ലഭ്യമാക്കുമോ;<br><br>(സി) ഇരിമ്പിളിയം പഞ്ചായത്തിലെ പ്രത്യേക സാഹചര്യം പരിഗണിച്ച് കസ്റ്റമർകെയർ സെന്റർ ആരംഭിക്കുവാൻ നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ? | (എ),(ബി)&(സി) ബഹുമാനപ്പെട്ട എം.എൽ.എ. കസ്റ്റമർ കെയർ സെന്റർ ആരംഭിക്കുന്നതിന് 21.06.2018-ൽ നൽകിയ അപേക്ഷ, 22.06.2018-ൽ ആവശ്യമായ നടപടിക്കായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് കൈമാറിയിട്ടുണ്ട്. തുടർന്ന് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് കൈമാറിയ പ്രസ്തുത അപേക്ഷയിൽ സ്വീകരിച്ച നടപടിയുടെ അടിയന്തര റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി സെക്രട്ടേറിയറ്റിലെ Pwr-A1/226/2018-Power ഫയലിൽ 08/11/2018ലെ കത്ത് പ്രകാരം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിരുന്നു.<br><br>ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിൽ വൈദ്യുതി ബോർഡിന്റെ ഒരു കസ്റ്റമർ കെയർ സെന്റർ ആരംഭിക്കണമെന്ന പ്രസ്തുത നിവേദനം ബോർഡ് പരിശോധിച്ചു. നിലവിൽ സെക്ഷൻ ഓഫീസുകൾ കൂടാതെ അക്ഷയ കേന്ദ്രങ്ങൾ മുഖേനയും ഓൺലൈനായും (Mobile App, K.S.E.B Online Payment Portal) NACH സംവിധാനം വഴിയും ഉപഭോക്താക്കൾക്ക് വൈദ്യുതി ചാർജ്ജ് അടയ്ക്കാം. മാത്രമല്ല, ബോർഡ് നടപ്പിലാക്കിയ 'ഒരുമ നെറ്റ്' സംവിധാനം വഴി ഏത് സെക്ഷൻ ഓഫീസിലും ഉപഭോക്താക്കൾക്ക് പണമടയ്ക്കാൻ സാധിക്കും. കൂടാതെ നിലവിൽ digital payment പ്രോത്സാഹിപ്പിക്കുന്നതിനാണ് ബോർഡ് ഉദ്ദേശിക്കുന്നത്. ജനങ്ങൾക്ക് ഡിജിറ്റൽ പേയ്മെന്റിനെക്കുറിച്ച് അവബോധം നൽകുന്നതിനായി റസിഡൻഷ്യൽ അസോസിയേഷനുകളുമായി ചേർന്ന് പ്രവർത്തിക്കുന്നതിനും മറ്റുമുള്ള നിർദ്ദേശങ്ങൾ ഫീൽഡ് ഓഫീസുകളിലേയ്ക്ക് നൽകിയിട്ടുണ്ട്. ഇക്കാര്യങ്ങൾ കണക്കിലെടുത്ത് കോട്ടക്കൽ നിയോജക മണ്ഡലത്തിലെ ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിൽ കസ്റ്റമർ കെയർ സെന്റർ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ